# Padayathra Manjari

# പദയാത്രാ മഞ്ജരി

## पदयात्रा मंजरी



## Mar Ivanios Padayathra

## മാർ ഈവാനിയോസ് പദയാത്രാ

## मार इवानीयोस पदयात्रा

MALANKARA CATHOLIC YOUTH MOVEMENT

MUMBAI DISTRICT, EXARCHATE OF ST. EPHREM KHADKI - PUNE

www.malankaralibrary.com








ദിവംഗതരായ നാലു മലങ്കര സഭാപിതാക്കന്മാർ

മാർ ദിയസ്കോറസ്, മാർ തെയോഫിലോസ്, മാർ ഈവാനിയോസ്, മാർ സേവറിയോസ്





**The Re-union of the parents of Mar Ivanios. The son who implores the blessings of his beloved parents.**

www.malankaralibrary.com

MALANKARA CATHOLIC YOUTH MOVEMENT
MUMBAI DISTRICT
EXARCHATE OF ST EPHREM, KHADKI-PUNE

# *Padayathra Manjari*
# പദയാത്രാ മഞ്ജരി
## पदयात्रा मंजरी

### Mar Ivanios Padayathra
### മാർ ഈവാനിയോസ് പദയാത്രാ
### मार इवानीयोस पदयात्रा

Compiled & Edited by: Mobin Varghese Chacko (CMV), Thane

www.malankaralibrary.com



# പദയാത്രാ മഞ്ജരി

1

ദ്യോ–വിൽമരുവും
പാവനനാം താതാ
സർവ്വേശാ നാഥാ
അഖിലാണ്ഡത്തിൻ സൃഷ്ടാവെ
സർവ്വം, പരിപാലിപ്പവനെ
ത്രിത്വേജനകനതാം നാഥാ
പ്രാർത്ഥനകേട്ടേകീടണമെ
അടിയാർക്കായ് യാചനയെപ്പോഴും
ദ്യോ–വിൽമരുവും
ഈശോമിശിഹായെ
സഹദേന്മാർ നാഥാ
പുണ്യാത്മാക്കൾ നായകനെ
കന്യാപുത്രാ കർത്താവെ
നിൻ സ്നേഹിതരാം ശുദ്ധർതൻ
പ്രാർത്ഥനകേട്ടേകീടണമെ
അടിയാർക്കായ് യാചനയെപ്പോഴും

ദ്യോ–വിൽമരുവും
പാവനറൂഹായെ
തീനാവിൻ രൂപേ
ശ്ലീഹരിലാവാസം ചെയ്ത
പരിശുദ്ധാത്മാവാം ദേവാ
നിൻ സ്നേഹിതരാം സഹദേർ തൻ
പ്രാർത്ഥനകേട്ടേകീടണമെ
അടിയാർക്കായ് യാചനയെപ്പോഴും

നി–ർമ്മലമാതാ
കന്യകമറിയാമെ
പരിശുദ്ധ മുഗ്ദ്ധേ
മാടപ്രാവേ മറിയാമേ
രണ്ടാമംബരമേ തായെ
വാത്സല്യത്തിൻ മാതാവേ
ജ്ഞാനത്തിൻ തികവെ രാജ്ഞി


www.malankaralibrary.com



അനുഗ്രഹമായ് തീരണമീയാത്ര.
ക–ന്യകമാതിൻ
വല്ലഭനാം യൗസേപ്പ്
നിർമ്മലനാം താതാ
പാവനശോഭന പുണ്യപിതാ
ശ്രുതകുലജാതാ വൽസലനേ
മുനിവരമണിയേ കൺമണിയേ
പുണ്യപിതാവാം യൗസേപ്പേ
അനുഗ്രഹമായ് തീരണമീയാത്ര
ഗീവർഗീസ് സഹദാ
ഞങ്ങൾ തൻ താതാ
കർത്താവിനുവേണ്ടി
ജീവൻ വിട്ടൊരു പരിശുദ്ധാ
അശരണരുടെ പരിപോഷകനെ
കാരുണ്യത്തിൻ നിലയനമെ
അശ്വാരൂഢാ നിർമ്മലനെ
അനുഗ്രഹമായ് തീരണമീയാത്ര
താ–പസവരനാം
മാർ ഈവാനിയോസ്
ആശ്രിതവത്സലനെ
സത്യത്തെ ദർശിച്ചവനാം
സത്യാന്വേഷക ദേശികനെ
ബഥനി മലയുടെ കോകിലമേ
പുനരൈക്യത്തിൻ പുണ്യപിതാ
അനുഗ്രഹമായ് തീരണമീയാത്ര

ഭാരതമണ്ണിൽ
പുനരൈക്യത്തിന്റെ
പുണ്യപതാകയുമായ്
നൂതന ഇസ്രായേലിന്റെ
തീർത്ഥാടകരുടെ വ്യൂഹത്തെ
തിരുസഭ മാതാവിൻ മടിയിൽ
ചേർത്തൊരു മാർ ഈവാനിയോസ്
അനുഗ്രഹമായ് തീരണമീയാത്ര
കൂനൻ കുരിശിൽ
നമ്മുടെ താതന്മാർ
വർഷങ്ങൾ മുമ്പിൽ
ബന്ധിച്ചോരാലാത്തെല്ലാം


www.malankaralibrary.com



കത്തിച്ച തൻ ദീപശിഖ
അണയാതെന്നും ശോഭിക്കും
അനുഗ്രഹമായ് തീരണമീ യാത്ര
ശാശ്വത ശാന്തി
നിർമ്മല ഗേഹത്തിൽ
വാഗ്ദാനം ചെയ്യും
ശാശ്വതമോഹനപുനരൈക്യം
ഭാരതസുതരുടെ ഐക്യത്താൽ
നിറവേറീടാനായിരമായ്
ആയിരമായ് പതിനായിരമായ്
പുനരൈക്യം നീണാൾ വാഴട്ടെ

2

(കുരിശു ചുമന്നവനെ.... എന്നരീതി)
ബഥനി തൻ കോകിലമേ, ബഥനിയാൽ
വിജയം വരിച്ചവനെ
കരതാരിൽ കാഴ്ചയുമായ് അണയുന്നു
നിൻ മക്കൾ ഭക്തിയോടെ
താപസശ്രേഷ്ഠനാം
മാർ ഈവാനിയോസ്
ഭാരതപുണ്യദീപം
പുനരൈക്യപാതയെ
നിർഭയം പിന്നിട്ട
കാരുണ്യവാരിധേ
നിൻ ദിവ്യസൂക്തത്താൽ
പുനരൈക്യസന്ദേശം
പകരേണമേ ലോകമെങ്ങും (2)
ഭാരതമണ്ണിൽ നിന്നും കദനത്തിൻ
കരിനിഴൽ മാറ്റിടുവാൻ
പുനരൈക്യദീപവുമായി, ഐക്യത്തിൻ
സന്ദേശവാഹകനായ്
വിശുദ്ധിതൻ മകുടമാം
മാർ ഈവാനിയോസ്
പാരിതിൻ തേജഃപുഞ്ജം
ത്യാഗത്തിൻ വേദിയിൽ
തൻബലിയർപ്പിച്ച
സ്നേഹത്തിൻ വാരിധേ
നിൻ ദിവ്യസവിധത്തിൽ
അണയുന്ന ഞങ്ങൾക്ക്


www.malankaralibrary.com



നൽകേണമെ നിത്യശാന്തി (2)

3

അലയും നരരുടെ ആശ്രയമേ
ഭാരതസഭയുടെ തേരാളി
ജനകോടികളുടെ വഴികാട്ടി
പുനരൈക്യത്തിൻ നേതാവേ
പെരുനാടിൻെറ വിരിമാറിൽ
മുണ്ടൻ മലയുടെ നികടത്തിൽ
ബഥനി നാമം ദിവ്യമനോജ്ഞം
പടുത്തുയർത്തിയ തിരുമേനി
കാതോലിക്കാ സ്ഥാപനമിവിടെ
കരസ്ഥമാക്കിയ നേതാവേ
ചേതോഹരമാം നേർവഴികണ്ടൊരു
കരുത്തനാകിയ ജേതാവേ
കാവിനിറഞ്ഞൊരു കുപ്പായം
കറുത്ത തടിയാൽ കുരിശേന്തി
ഭാരതസംസ്കൃത സംസ്ക്കാരത്തിൻ
താപസ ജീവിതമാരറിവു
ചിന്തയിലലയും കാലത്തിൽ
അഞ്ചാളന്നു നിനച്ചിട്ട്
ഗത്സമനിൽ, നാഥനുതുല്യം
ബഥനിയിൽ, നിന്നിഹ വിടവാങ്ങി
തൊള്ളായിരമൊടു മുപ്പതുമായ്
സെപ്തംബർ ദിനമിരുപതിലായ്
പുനരൈക്യത്തിൻ വാതിൽ തുറന്നിഹ
ഭാരതസഭയുമുണർന്നല്ലോ.
മലമേടിടവഴി, ആഴികളും
നലമൊടു നാനാദിക്കുകളും
ലളിതമനോഹര നിസ്തുലസ്നേഹം
നുകർന്നെടുത്തൊരു നേതാവേ
ലോകത്തിൻെറ വിളക്കായ്
നാകത്തിൻെറ വഴിത്താരം
ശോകമകറ്റും പുനരൈക്യത്തിൻ
ദീപ്തി പകർത്തിയ, തിരുമേനി
ഇക്കഥയാരുമറന്നീടും
ഇക്കഥയെഴുതാനിടമില്ല
സൽക്കഥ ചേർത്തു വിരാജിതമായൊരു
പുനരൈക്യത്തിൻ ദീപശിഖ



www.malankaralibrary.com



പ്രശസ്തമായൊരു വീക്ഷണമതിലായ്
പ്രഗത്ഭനായൊരു പിൻഗാമി
സഭയ്ക്കുനൽവരമരുളാൻ ശക്തനെ
ഒരുക്കിയെത്ര മഹാത്ഭുതമെ
അടി...വച്ചടി......... വച്ചണിയണിയായ്
അമരും കബറിൻ ചാരത്തായ്
ചരമദിനം, ചിരകാലം, തലമുറ
പരിചൊടു കരമതും കൂപ്പിടും
ജൂലൈ പതിനഞ്ചാകുമ്പോൾ
വിരഹാധിക്യ സ്മരണയുമായ്
തലമുറതലമുറ ജനതതിയൊന്നായ്
ചരമദിനം കൊണ്ടാടുന്നു.
മറക്കുവാനിവിടൊക്കില്ല
മഹാത്ഭുതത്തിൻ വൻ ചരിതം
ഭാരതസഭയുടെ പരിപാലകനാം
പുനരൈക്യത്തിൽ നേതാവേ
പദതാരിടറാതടിയങ്ങൾ
പദമലർ കൂപ്പിവണങ്ങീടുവാൻ
ഗതിയേകണമേയടിയാർക്കഭയം
വരമേണമേ മിശിഹായേ.
ഭാരതന്യൂമാൻ നേതാവേ
പാവനചരിതാ പദമലരിൽ
പാടിവണങ്ങിയൊരുങ്ങിവരുന്നിഹ
ശോകമകറ്റുക ജേതാവേ!

4

(കനിവടിയാരിൽ ചെയ്യണമെ... എന്ന രീതി
പോയി വണങ്ങാമീവാനിയോസ്
വന്ദ്യപിതാവിൻ കബറിങ്കൽ
പ്രണമിക്കുന്നോരർത്ഥിപ്പൂ
യാചനസദയം കേൾക്കണമെ
സാദരമങ്ങേ കബറിങ്കൽ
കൈകൾ കൂപ്പി വണങ്ങുന്നു
യാചനസദയം കേൾക്കണമെ
വരദാനങ്ങൾ തൂകണമെ
ഭാരത സഭതൻ താരകമെ
പൂനരൈക്യത്തിൻ കതിരൊളിയെ
താവക സുതരാം ഞങ്ങൾ തൻ
പ്രാർത്ഥനസദയം കേൾക്കണമെ


www.malankaralibrary.com



നൂറ്റാണ്ടപ്പുറമാരംഭിച്ച
വഴിതെറ്റിൽ നിന്നൂർന്നീടാൻ
നേർവഴികാട്ടിയ നല്ലിടയൻ
ഭാരത ന്യൂമാനീവാനിയോസ്
സത്യാന്വേഷക ദാർശികനാം
ഈവാനിയോസ് പുണ്യപിതാ
താപസ ധനനായെത്തിയിദം
മുണ്ടൻ മലയിൽ പെരുനാട്ടിൽ
ക്രിസ്താനുകരണ വ്യഗ്രതയാൽ
ബഥനി സമൂഹം സ്ഥാപിച്ചു
പ്രാർത്ഥനവ്രതമായ് തീർത്തുഭവാൻ
സത്യവെളിച്ചം കൈകൊണ്ടു
പത്രോസിൻ പിൻഗാമികളായ്
തിരുസഭ നൗക നയിക്കുന്നോർ
മാർപ്പാപ്പാമാരിടമുറിയാതെ
ഇരുപതുനൂറ്റാണ്ടതിജീവിച്ചു
ശ്ളൈഹികമേകം സാർവ്വത്രികം
വിശുദ്ധമെന്നവകാശിപ്പാൻ
ധരണിയിലൊന്നേയുള്ളതു നൂനം
കത്തോലിക്കാതിരുസഭയെന്നും
ശാശ്വത ശാന്തിക്കുറവിടമാം
തിരുസഭ മാതാവിൻ മടിയിൽ
അഭയം തേടിയ പുണ്യപിതാ
വൈക്യ ശിൽപിയീവാനിയോസ്
ധനമാനങ്ങൾ നിഷ്പ്രഭമായ്
വലിച്ചെറിഞ്ഞായതീവര്യൻ
ദൈവഹിതമതുധനമായ്ക്കരുതി
തിരുസഭ പുൽകിയനുഗ്രഹമേറ്റു
ധീരമങ്ങേ നേതൃത്വത്തിൽ
മലങ്കര സഭയുൽഘോഷിതമായ്
ജനലക്ഷങ്ങൾ പിന്നണിചേർന്നു
ഐക്യപാതയണഞ്ഞു സുധീരം
പുനരൈക്യത്തിൻ ദീപശിഖ
തലമുറതലമുറ കൈമാറാൻ
കെടാവിളക്കായ് തെളിയിക്കാൻ
ശക്തിയിവർക്കിന്നേകണമെ
വിശ്വാസത്തിലുറച്ചീടാൻ
സ്നേഹം നൽകി വളർന്നീടാൻ


www.malankaralibrary.com



കർമ്മോത്സുകരായ് തീരും ഞങ്ങൾ
മലങ്കര തൻ പ്രിയസുതരിവർ
സഭൈക്യത്തിൻ വേദിയിതാ
പുനരൈക്യത്തിൻ വീഥിയിതാ
ഖിന്നതവിട്ടു കടന്നുവരിൻ
ഭിന്നതയൊക്കെ മറന്നീടാൻ
സാദരമങ്ങേ കബറിങ്കൽ
കൈകൾ കൂപ്പി വണങ്ങുന്നു
യാചനസദയം കേൾക്കണമേ
വരദാനങ്ങൾ തൂകണമേ.

5

(മാനവർ വാനോർ മുൻ മുൻ നിൻ എന്ന രീതി)
ഭാരത ന്യൂമാനീവാനിയോസ്
ഭാഗ്യവിധാത ഭാസുരനേ
പുനരൈക്യത്തിൻ പുണ്യപിതാ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായി
മലങ്കര സഭതൻ താരകമേ
കൈരളി തന്നഭി വന്ദിതനേ
ഭാരത ഭൂവിൻ ഭാവുകനേ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായി
മാർത്തോമ്മായാൽ സ്ഥാപിതമാം
കേരള സഭ നൂറ്റാണ്ടുകളായ്
തിരുസഭയാം തായ്ത്തടിയോടായ്
ഒട്ടിച്ചേർന്നു പുലർന്നീടവേ
കൂനൻ കുരിശാൽ വേർപെട്ട
ബന്ധം വീണ്ടും സ്ഥാപിക്കാൻ
സ്ഥാനമഹിമകൾ കൈവിട്ടു
പുനരൈക്യത്തിൻ ജേതാവായ്
ശ്ലൈഹിക ബന്ധം പിന്തുടരാൻ
മാതൃസഭയോടൊത്താലേ
സാദ്ധ്യമതാകുവെന്നോർക്കാൻ
ദർശന സിദ്ധിയതുണ്ടായി
പെരുനാട്ടിൻ മുണ്ടൻ മലയിൽ
ദൈവിക വെളിപാടുണ്ടായി
സത്യാന്വേഷക ദർശകനായ്
മിഥ്യാദർശം കൈവിട്ടു
ഭിന്നതയാൽ വേർപ്പെട്ടുഴലും
മലങ്കര മക്കൾക്കാശ്രയമായ്


www.malankaralibrary.com

തേരുതെളിക്കാനെത്തിയിദം
അഭിനവമോശ ഈവാനിയോസ്
സഭൈക്യത്തിൽ മാർഗ്ഗമിതാ
പുനരൈക്യത്തിൽ പാതയിതാ
ശാശ്വത ശാന്തിയ്ക്കുറവയിതാ
ഏകതൊഴുത്തിൻ വാതിലിതാ
ഇടയന്നരുൾ നാം കേൾക്കേണം
ഏക തൊഴുത്തിൽ കൂടേണം
കാലത്തിന്നടയാളമിതാ
സത്യത്തിന്നരുൾ ജ്യോതിയിതാ

6

മലങ്കരയുടെ പരിശുദ്ധാ പുണ്യപിതാവേ
മലങ്കരമക്കൾ തൻ കാവൽ പിതാവേ
പട്ടത്ത് പള്ളികൊള്ളും പുണ്യവാനേ
അണയുന്നു ഞങ്ങൾ നിൻ തിരുസവിധേ
നിൻ അനുഗ്രഹമീ ദാസരിൽ ചൊരിഞ്ഞിടേണമേ.
ഭാരതമഖിലം വചനം നൽകാൻ
സർവ്വവും പരിത്യജിച്ച വന്ദ്യഗുരുവേ
മലങ്കരസഭയേ പുണ്യമാക്കുവാൻ
ബഥനി പ്രസ്ഥാനം സ്ഥാപിച്ചു താൻ (മലങ്കരയുടെ)
ഇന്നേക്ക് എഴുപത് വർഷം മുമ്പ്
സത്യം കണ്ട പ്രവാചകനേ
സഭയുടെ തലവൻ പത്രോസിന്റെ
കാൽപ്പാട് പിൻചെന്ന പുണ്യതാത (മലങ്കരയുടെ)
ലാളിത്യം ജീവിത നന്മയാക്കി
ദാരിദ്ര്യം പുൽകിയ താപസനേ
നിത്യഗുരുവാം യേശുവിന്റെ പാത
പിൻ ചെന്ന വന്ദ്യനാം ശ്രേഷ്ഠപിതാവേ (മലങ്കരയുടെ)
സത്യത്തിൻ വിളികേട്ടു താപസശ്രേഷ്ഠൻ
മുണ്ടൻ മലയോടു വിടചൊല്ലുമ്പോൾ
പുനരൈക്യത്തിൻ ദീപം കാട്ടി
വഴി തെളിച്ച വന്ദ്യനാം ശ്രേഷ്ഠതാത

മാർത്തോമാശ്ളീഹാ തൻ പാരമ്പര്യം
പിൻതുടർന്നീടുന്നു മലങ്കരമക്കൾ
ഭാരതന്യൂമാൻ ഈവാനിയോസ്
മലങ്കരമക്കൾ തൻ അഭയകേന്ദ്രം


www.malankaralibrary.com



ക്രിസ്തുരാജ ദൈവമേ, ക്രിസ്തുരാജ ദൈവമെ
ക്രിസ്തുനാഥ കൈതോഴാം, ത്രിത്വമേ, നമോസ്തുതേ

അഖിലലോകപാലക നിഖില ലോകരക്ഷകാ
അഘമതിൻ വിമോചക, മേഘ വാഹനപ്രഭോ
അനർഘ തേജധാരിയെ ആദിയന്തരഹിതനെ
ക്രിസ്തുദേവപാഹിമാം ത്രിത്വമേ നമോസ്തുതേ
(ക്രിസ്തുരാജ)
ഉദയസൂര്യബിംബവും ഉഷസുമന്തി മേഘവും
രജനിചന്ദ്രതാരവും വിഹഗ പുഷ്പവൃന്ദവും
ഉലകിതിൻെറ ശോഭയും വാഴ്ത്തിടുന്നു നിൻകൃപ
ക്രിസ്തു ദേവപാഹിമാം ത്രിത്വമേ നമോസ്തുതേ
(ക്രിസ്തുരാജ)

7

എട്ടുനാലു ശിഷ്യരാൽ ഇത്രയേറെ ജനതയെ
സത്യപാതയൊന്നിലായ് നിത്യവും നടത്തിയ
നിത്യസത്യതത്വമാം പൃഥിപാല ദൈവമെ
ക്രിസ്തുദേവപാഹിമാം ത്രിത്വമേ നമോസ്തുതേ
(ക്രിസ്തുരാജ)

ഐഹികത്തിലാശയാൽ ഐശമാം തേജസിനെ
നാശമാക്കി നിത്യമായ് ആമയത്തിലാണ്ടതാം
മനുജവൃന്ദകോടിയിൽ മനസ്സലിഞ്ഞ ദൈവമേ
ക്രിസ്തുദേവപാഹിമാം ത്രിത്വമേ നമോസ്തുതേ
(ക്രിസ്തുരാജ)

അംഗമർഷരോഗിയെ തൻ കൃപാവരത്തിനാൽ
അംഗസൗഖ്യമേകുവാൻ ആന്തരാകനിഞ്ഞവൻ
കരുണതൻെറ വാരിധേ സ്നേഹിതൻ മനോഹര
ക്രിസ്തുദേവപാഹിമാം ത്രിത്വമേ നമോസ്തുതേ
(ക്രിസ്തുരാജ)
ഏകനായ് മരുവിടും താത പുത്രനാത്മനാം
ഏകസത്യദൈവമേ ത്രിത്വമായ ദൈവമേ
ഉയരുമുൺമപാതയും താനതൊന്നുമാത്രമേ
ക്രിസ്തുദേവപാഹിമാം ത്രിത്വമേ നമോസ്തുതേ
(ക്രിസ്തുരാജ)


www.malankaralibrary.com

8

(കർത്താവേകൃപ ചെയ്യണമേ രീതി)
ഭാസുരമാം പുനരൈക്യത്തിൻ
പാവനദീപിക കത്തിച്ച
താതമാർ ഇവാനിയോസ്
അനുഗ്രഹമാകണമീയാത്ര
പ്രതിബന്ധങ്ങൾ നിറഞ്ഞിട്ടും
ഭയമില്ലാതഭയാർത്ഥികളെ
പുതുലോകത്തെത്തിച്ചവനെ
അനുഗ്രഹമാകണമീയാത്ര
ക്രൈസ്തവരൊന്നായ്തീരാനായ്
പുനരൈക്യത്തിൻ പൊൻദീപം
മുകൻമലയിൽ വച്ചവനെ
അനുഗ്രഹമാകണമീയാത്ര
കാഷായാംബര ഭൂഷിതനായ്
ലാളിത്യത്തിൻ മാതൃകയാൽ
മാമലമുകളിൽ വാണവനെ
അനുഗ്രഹമാകണമീയാത്ര
പ്രാർത്ഥനയാലുപവാസത്താൽ
പെരുനാട്ടിൽ വൻ മലമുകളിൽ
ബഥനീ സമൂഹം തീർത്തവനെ
അനുഗ്രഹമാകണമീയാത്ര
നൻമ പറഞ്ഞു പഠിപ്പിക്കാൻ
ഞങ്ങടെ ജീവിത വീഥികളിൽ
ഉജ്ജ്വലനായ് വന്നൊരു താതാ
അനുഗ്രഹമാകണമീയാത്ര
മാതാവിൻ തിരുജൻമത്തിൽ
ജാതം ചെയ്തവനാം താതാ
സുവിശേഷത്തിൻ പാലകനെ
അനുഗ്രഹമാകണമീയാത്ര
രാജകുടുംബത്തിൽ ജൻമം
കൈക്കൊകെങ്കിലും ലാളിത്യം
കാട്ടിയ താപസ തിരുമേനി
അനുഗ്രഹമാകണമീയാത്ര
ഗാന്ധിജിടാഗോരിവരിൽ നി
ന്നാവാഹിച്ചൊരുചൈതന്യം
ബഥനിയൊരുക്കാൻ തീർത്തവനെ
അനുഗ്രഹമാകണമീയാത്ര
ശിഥിലപഥങ്ങളിലുൾപ്പെട്ട്
വഴികാണാതെ വലഞ്ഞവരെ
ഒന്നിപ്പിച്ചവനെ താതാ
അനുഗ്രഹമാകണമീയാത്ര
ഭിന്നതയാൽസമുദായങ്ങൾ
തെറ്റിയകന്നൊരു ഘട്ടത്തിൽ
സ്നേഹൈക്യപ്രഭ തീർത്തവനെ
അനുഗ്രഹമാകണമീയാത്ര
ഉന്നതപദവികളും പണവും
എല്ലാം വിട്ടൊരു മലമുകളിൽ
ഏകാന്തതയിലിരുന്നവനെ
അനുഗ്രഹമാകണമീയാത്ര
വെറുമഞ്ചാളുകൾചേർന്നാദ്യം
തൊട്ടുതുടങ്ങിയ പ്രസ്ഥാനം
ശാശ്വതമായി നിലനിന്നീടാൻ
അനുഗ്രഹമാകണമീയാത്ര
ലോകചരിത്രത്തിൽതന്നെ
സ്ഥാനം നേടിയ പുനരൈക്യം
തീർത്തൊരുശ്രേഷ്ഠമഹാശില്പി
അനുഗ്രഹമാകണമീയാത്ര
കടലലകൾ ഗർജ്ജിച്ചിട്ടും
കൊടുംകാറ്റെത്രയടിച്ചിട്ടും
ധീരതകാട്ടിയസാരഥിയെ
അനുഗ്രഹമാകണമീയാത്ര
പാണ്ഡിത്യത്തിൻ നിറകുടമെ
ലാളിത്യത്തിൻ പൂവനമേ
താപസവര്യാ തിരുമേനി
അനുഗ്രഹമാകണമീയാത്ര
പുതുജീവിതവും ചിന്തകളും
വഴികാട്ടും മാതൃകയായ്
മലങ്കരയിൽ വർഷിച്ചവനെ
അനുഗ്രഹമാകണമീയാത്ര
മലങ്കരതൻ ഹൃദയങ്ങളിലെ
വാടാമലരെ സംപൂജ്യാ
കനകവിളക്കേ പൂങ്കതിരെ
അനുഗ്രഹമാകണമീയാത്ര
മുന്നേറാൻ വഴികാട്ടുന്ന
സന്യാസോജ്ജ്വലതാരകമേ


www.malankaralibrary.com



താതാ മാർ ഇവാനിയോസ്
അനുഗ്രഹമാകണമീയാത്ര
കനകക്കതിരുകൾ വിരിയിച്ച
സ്നേഹത്തിൻ പൂന്തോപ്പുകളിൽ
ജലമേകി പാലിച്ചവനെ
അനുഗ്രഹമാകണമീയാത്ര
ജൂലൈ പതിനഞ്ചിൽ പട്ടം
സെന്റ്മേരീസ് കത്തീഡ്രലിൽ
അന്തിമനിദ്രയിലായവനെ
അനുഗ്രഹമാകണമീയാത്ര

9

ധന്യേ മാതാവേ എന്ന രീതി
ധന്യൻ പരിശുദ്ധാ
മാർ ഇവാനിയോസ്
നിൻ പ്രാർത്ഥനയെന്നും
ഞങ്ങൾക്കാലംബം
പുനരൈക്യത്തിന്റെ
പാതതെളിച്ചേകി
കൈത്തിരികത്തിച്ച
പുണ്യവരേണ്യൻ നീ
നിൻ കബറിൽ ഞങ്ങൾ
വന്ദിക്കുന്നെന്നും
നിൻ യാചിപ്പെന്നും
ഞങ്ങൾക്കാലംബം
ശാശ്വതശാന്തിക്കായ്
ദാഹം പൂകോരും
സത്യാന്വേഷകനാ
മങ്ങേപിൻചെന്നു
പൂർവ്വ പിതാക്കൻമാർ
ഛേദിച്ചൊരു ബന്ധം
വീകുമുറപ്പിക്കാൻ
ദൗത്യം സ്വയമേറ്റു
നിൻ ചാരേവന്നോർ
തിരുസഭയെ പുൽകി
നിൻ യാചിപ്പെന്നും
ഞങ്ങൾക്കാലംബം
കേരള ഭാസുരനെ
മലങ്കരസഭയിൽ നീ
ബഥനീ സമൂഹങ്ങൾ
സംസ്ഥാപിതമാക്കി
സന്യാസാർത്ഥികളും
മുകൻ മലതന്നിൽ
പെരുതാം പെരുനാട്ടിൽ
താപസവ്രതരായി
നിൻ ചാരേവന്നോർ
തിരുസഭയെ പുൽകി
നിൻ യാചിപ്പെന്നും
ഞങ്ങൾക്കാലംബം
യേശുക്രിസ്തുതൻ
രക്ഷണകൃത്യങ്ങൾ
ലോകാതിർത്തികളിൽ
സംസ്ഥാപിച്ചീടാൻ
അധികാരം നൽകി
നിയമിക്കപ്പെട്ടോൻ
ശീമോൻ പത്രോസെ
ന്നുള്ളതുതിരുവചനം
ധ്യാനിപ്പോർക്കെന്നും
സത്യം ദർശിക്കാൻ
തിരുസഭതൻ മടിയിൽ
ആശ്വാസം നേടാം
തൊണ്ണൂറുവർഷംമു
മ്പജപാലകനായി
മലങ്കരസഭയെ നീ
സംരക്ഷിച്ചല്ലോ
ഏക തൊഴുത്തണയാൻ
പാത തെളിച്ചോൻ നീ
ദൈവനിയോഗിതനാം
അഭിനവ മൂശാ നീ.
നിൻ കബറിൽ ഞങ്ങൾ
വന്ദിക്കുന്നെന്നും
നിൻ യാചിപ്പെന്നും
ഞങ്ങൾക്കാലംബം
ഭാരതന്യൂമാനാം
ഭാഗ്യസ്മരണാർഹൻ
മാർ ഇവാനിയോസ്
പ്രാർത്ഥിക്കെങ്ങൾക്കായി


www.malankaralibrary.com



പുനരൈക്യത്തിന്നായി
നിത്യം പ്രാർത്ഥിക്കും
സ്വർഗ്ഗസ്ഥൻ നീയേ
ഞങ്ങൾക്കാലംബം
നിൻ കബറിൽ ഞങ്ങൾ
വന്ദിക്കുന്നെന്നും
നിൻ യാചിപ്പെന്നും
ഞങ്ങൾക്കാലംബം

## 10

(കർത്താവേകൃപ ചെയ്യണമേ എന്ന രീതി)

അഖിലജഗത്തിൽ സൃഷ്ടാവേ
ശുദ്ധതയേകും പാവനനേ
കരുണചൊരിഞ്ഞീടണമെന്നിൽ
മാല്യങ്കരയുടെ അധിപതിയെ
ഭാരതന്യൂമാനെന്നിത്ഥം
പുകൾപെറ്റിടും പാവനനേ
താതാ മാർ ഇവാനിയോസ്
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
മാമുനി വരനാം വത്സലനേ
പുനരൈക്യത്തിൻ പുണ്യപിതാ
മലങ്കരയുടെ അധിപതിയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
ഐക്യത്തിൻ ബലിവേദിയതിൽ
സ്നേഹത്തിൻ തിരികത്തിച്ച
മലങ്കരയുടെ അധിപതിയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
ശരണം തേടും വത്സലരെ തൃക്കൺ
പാർക്കും പാവനനേ
മാല്യങ്കരയുടെ അധിപതിയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
താതാ ശുദ്ധനിർമ്മലനേ
താപസവരനാം പുണ്യപിതാ
മാല്യങ്കരയുടെ അധിപതിയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
മലങ്കരസഭയിൽ ശാന്തിക്കായ്
മുൾമുടിശിരസ്സിൽ വഹിച്ചവനേ
മാല്യങ്കരയുടെ അധിപതിയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
ആശ്വാസത്തിൻ വിളനിലമേ
സന്തോഷത്തിൻ കാരണമേ
മാല്യങ്കരയുടെ അധിപതിയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
രോഗാർത്തൻമാർക്കാലംബം
ദീനൻമാരുടെ അഭയവുമാം
മാല്യങ്കരയുടെ അധിപതിയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
തീർത്ഥാടകരാമടിയാർക്കായ്
കുളിർത്തണലേകും വൻമരമേ
മാല്യങ്കരയുടെ അധിപതിയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
യാത്രാക്ലേശമകറ്റാനായ്
മനസ്സിൽ വീശും കുളിർക്കാറ്റേ
മാല്യങ്കരയുടെ അധിപതിയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
കൂരിരുൾ പ്രഭവിതറാൻ
ഉദയംചെയ്ത ദിനകരനെ
മാല്യങ്കരയുടെ അധിപതിയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
താരകമദ്ധ്യേ പനിമതിപോൽ
ശുദ്ധർമദ്ധ്യേ പ്രഭവിതറും
മാല്യങ്കരയുടെ അധിപതിയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

## 11

ബേത്‌ലഹേമേ എന്ന രീതി
പദയാത്രയിതാ തീർത്ഥാടനമല്ലോ
പാടാംസ്തുതി നമ്മൾ താതൻ മാർ
ഇവാനിയോസ്
പെരുനാട്ടിൽ നിന്നും പട്ടംവരെ നമ്മൾ
പോകുക ലക്ഷ്യം കബറിടമെന്നേ
എന്നോർക്കൂ
ലോകം കക മഹാപ്രതിഭകളിൽ
ഒരുവൻ


www.malankaralibrary.com



മാർ ഈവാനിയോസ്എന്നതു
തന്നെ നമ്മുടെ വൻഭാഗ്യം
നമ്മുടെ നേതാവായി
അവിടുന്നെത്തി
നേടിത്തന്നു
പുനരൈക്യത്തിൻ പ്രസ്ഥാനം
ക്രിസ്തീയൈക്യകൂട്ടായ്മയുടെ
ജീവിതശൈലി നേടിത്തന്ന മാർ
ഈവാനിയോസ്
കലഹമകന്നേ പോയ്,
വാശിമറഞ്ഞേപോയ്
ഏവരുമൊന്നായ് ദൈവത്തോടായ്
പ്രാർത്ഥിച്ചു.
ശാന്തിമലങ്കരയിൽ സ്ഥിരമായ് നില
നിൽക്കാൻ
പോംവഴിയൊന്നേ കകുള്ളു പുന
രൈക്യത്തിൽ
പകൊരു കടുകുമണി
ഇന്നോവടവൃക്ഷം
കാണുക നമ്മൾ പുന
രൈക്യത്തിന്നുൽക്കർഷം
ണഏറ്റം താണതിനാൽ ണഏറ്റം
മുയർന്നല്ലോ
ഈ താതൻ തന്നെ ശാഖ
വിരിച്ചൊരു വൻവൃക്ഷം
കുളിരുപകർന്നിടും
പുനരൈക്യത്തണലിൽ
സംസാര പതികൾ നമ്മൾ സ്വസ്ഥത നേടുന്നു
ആത്മസുഖം നൽകും ഫലമല്ലേ നൽക
വന്ദ്യൻ താതൻ നട്ടു വളർത്തിയ പ്രസ്ഥാനം
വന്ദ്യ പിതാവിനെ നാമിന്നു വിശേഷിച്ചും
സ്നേഹാദരത്തോടെ നന്ദി നിറഞ്ഞ
മനസ്സോടെ
അക്കബറിടമിന്നൊരു
തീർത്ഥസ്ഥാനം
നാമെല്ലാവരുമേ അവിടെക്കുമ്പിട്ടേ
നിൽക്കാം

12

അനന്തപുരി പള്ളികൊള്ളും
പുണ്യവാൻ തുണചെയ്യണേ
പുണ്യവാൻ തുണചെയ്തു നമ്മിൽ
അനുഗ്രഹ മവ തൂകണേ
കൂനൻ കുരിശുസത്യത്തോടെ
സഭ രകായി പിളർന്നപ്പോൾ
മാതൃസഭയെ പുൽകീടുവാൻ
പുണ്യതാതർവഞ്ചിച്ചു
(അനന്തപുരി പള്ളികൊള്ളും)
പിളർപ്പിനാലേ ആരംഭിച്ചു
ഐക്യശബ്ദകാഹളം
മലങ്കരയുടെ ഐക്യത്തിനായ്
എം എ അച്ചൻ ശോഭിച്ചു
(അനന്തപുരി പള്ളികൊള്ളും)
മലങ്കരയുടെ ശാന്തിക്കായ്
ബഥനിദയറാ സ്ഥാപിച്ചു
ബഥനിശബ്ദം പ്രതിധ്വനിച്ചു
മലങ്കരയുടെ പാതയിൽ
(അനന്തപുരി പള്ളികൊള്ളും)
സത്യവേദം ഓതി തന്ന്
പുണ്യതാതൻ ശോഭിച്ചു
റോമിൻ പാപ്പ തലവനായ്
മലങ്കരയെ ബന്ധിച്ചു
(അനന്തപുരി പള്ളികൊള്ളും)
മലങ്കരയുടെ അധിപനായി
മാർ ഇവാനിയോസ് ശോഭിച്ചു
കിഴക്കുള്ളോർക്കൊരു ന്യൂമാനായി
പൊന്നുശുദ്ധൻ പരിശുദ്ധൻ
(അനന്തപുരി പള്ളികൊള്ളും)
ഐക്യകാഹളം ഓതിതന്ന
താതൻ നീണാൾ വാഴട്ടെ
പുണ്യതാതൻ പൊന്നു താതൻ
മലങ്കരയുടെ മദ്ധ്യസ്ഥൻ
(അനന്തപുരി പള്ളികൊള്ളും)


www.malankaralibrary.com





**ദൈവ ദാസൻ മാർ ഇവാനിയോസ് പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന**

സർവ്വശക്തനായ ദൈവമേ, ഒരിടയനും ഒരു തൊഴുത്തുമാകുവാനുള്ള അങ്ങേ പുത്രന്റെ ആഹ്വാനം സ്വീകരിച്ച് അങ്ങേ സഭയെ സ്നേഹിച്ചു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെയോർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. എല്ലാറ്റിലും ഉപരിയായി അങ്ങയെ സ്നേഹിക്കുന്നതിലും സമ്പാദിക്കുന്നതിലും നിന്റെ ഈ ശ്രേഷ്ഠാചാര്യൻ ഞങ്ങൾക്ക് മാതൃകയായിരുന്നല്ലോ. നിന്റെ ഈ ദാസനെപ്പോലെ ഹൃദയവിശുദ്ധിയിൽ ജീവിക്കുവാൻ എന്നോട് കരുണ കാണിക്കണമേ. നിരന്തരം അങ്ങുമായുള്ള സംസർഗ്ഗത്തിൽ ജീവിച്ച വന്ദ്യ പിതാവിന് അങ്ങേ പക്കലുള്ള മദ്ധ്യസ്ഥത വഴിയായി എന്റെ പരീക്ഷകളിലും ഞെരുക്കങ്ങളിലും, കഷ്ടപ്പാടുകളിലും എനിക്ക് നീ തുണയായിരിക്കേണമേ. വിശേഷിച്ച് എനിക്ക് ഇപ്പോൾ ആവശ്യമായിരിക്കുന്ന അനുഗ്രഹം (നിശബ്ദമായി നിയോഗം ഓർത്ത് പ്രാർത്ഥിക്കുക) മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ അങ്ങേ പക്കൽ സമർപ്പിക്കുന്നു. അങ്ങയോടുള്ള സ്നേഹത്തിലും പരസ്പരസ്നേഹത്തിലും വളരുന്നതിന് ഞാൻ നിരന്തരം പരിശ്രമിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു. ആയത് ദൈവമാതാവായ വിശുദ്ധ കന്യാമറിയത്തിന്റെയും ഞങ്ങളുടെ കാവൽ പിതാവായ മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ.

**ആമേൻ**

**1. സ്വ. 1 കൃപ 1 ത്രി**

കർത്താവേ അനുഗ്രഹിക്കേണമെ (2)
മിശിഹായെ അനുഗ്രഹിക്കേണമെ (2)
കർത്താവെ അനുഗ്രഹിക്കേണമെ (2)



www.malankaralibrary.com



മിശിഹായെ ഞങ്ങളുടെ പ്രാർത്ഥനകേൾക്കേണമെ (2)
മിശിഹായെ ഞങ്ങളുടെ പ്രാർത്ഥന കൈകൊള്ളണമേ(2)

സ്വർഗ്ഗസ്ഥ പിതാവായ ദൈവമേ
ലോകരക്ഷിതാവായ ദൈവമേ
പരിശുദ്ധാത്മാവായ ദൈവമേ
ഏക ദൈവമായ പരിശുദ്ധത്രിത്വമേ

പരിശുദ്ധ മറിയമെ
വിശുദ്ധയൗസേഫ് പിതാവെ
മാർ തോമ്മശ്ളീഹായെ
മാർ ഗീവർഗ്ഗീസ് സഹദായെ

ഞങ്ങളെ
അനുഗ്രഹിക്കേണമെ

ശാശ്വത സമാധാനത്തിൻെറ
കേദാരമായ പുനരൈക്യമേ...
ബഥനിയുടെ അങ്കണത്തിൽ നട്ടുവളർത്തിയ
മുന്തിരിചെടിയായ പുനരൈക്യമേ...
ഏകതൊഴുത്തെന്ന കർത്ത്യവചനത്തിൻെറ
സാക്ഷാത്ക്കാരമായ പുനരൈക്യമേ.....
ഏകതൊഴുത്തെന്ന സത്യത്തിൻെറ
മൂർത്തിമത്ഭാവമായ പുനരൈക്യമേ.....
തിരുസഭയുടെ കൂട്ടായ്മയിലേക്ക്
നയിക്കുന്ന പുനരൈക്യമേ...
പ്രസാദവരത്തിൻെറ പ്രഭവകേന്ദ്രമായ പുനരൈക്യമേ...
കോടാനുകോടിയുടെ ഐക്യത്തിലേക്ക്
ബന്ധിക്കുന്ന കണ്ണിയായ പുനരൈക്യമേ...
ഐക്യത്തിൻെറയും സ്നേഹത്തിൻെറയും
സന്ദേശവാഹിയായ പുനരൈക്യമേ...
ഭാരത സുവിശേഷവത്ക്കരണത്തിൻെറ
പ്രതീക്ഷയായ പുനരൈക്യമേ...
മലങ്കരയുടെ മോഹനവാഗ്ദാനമായ

പുനരൈക്യമേ...
ആയിരമായിരങ്ങളുടെ ആശ്വാസകേന്ദ്രമായ

സമാധാന
ത്താലെ
വരേണമേ



www.malankaralibrary.com



പുനരൈക്യമേ...
വേർപാടിൻെറ നടുച്ചുവർ ഇടിച്ചുകളയുന്ന
പുനരൈക്യമേ...
പൂർവ്വിക പിതാക്കന്മാരുടെ അഭിലാഷമായിരുന്ന
പുനരൈക്യമേ...
ക്രൈസ്തവ സമൂഹത്തിൻെറ ആശാകേന്ദ്രമായ
പുനരൈക്യമേ...
തിരുസഭയുടെ മണവാളനായ കർത്തവിന്
ആനന്ദമരുളുന്ന പുനരൈക്യമേ...
സ്വർഗ്ഗത്തിലെ മാലാഖമാരെ
ഹർഷപുളകിതരാക്കുന്ന പുനരൈക്യമേ...
മൺ മറഞ്ഞ പിതാക്കന്മാരുടെ ആത്മാക്കൾക്ക്
നിർവ്യതിയരുളുന്ന പുനരൈക്യമേ...

സമാധാന
ത്താലെ
വരേണമേ

## ദൈവദാസൻ മാർ ഇവാനിയോസ് പിതാവിനോടുള്ള ലുത്തിനിയാ.

ദൈവദാസൻ മാർ ഇവാനിയോസ് പിതാവേ...
മലങ്കര സഭയുടെ പരിശുദ്ധനായ പിതാവേ..
സത്യ സഭയെ പുൽകിയ പരിശുദ്ധനായ പിതാവേ...

മലങ്കരയുടെ അസ്തമിക്കാത്ത സൂര്യനെ...
ഐക്യത്തിൻെറ സന്ദേശ വാഹകനേ...
സത്യ സഭയ്ക്കായി യാഗമായി തിർന്ന പരിശുദ്ധനേ...
മലങ്കരയുടെ ചെങ്കോലായ പിതാവേ...
സത്യ ജ്ഞാനത്തെ പുൽകിയ ദിവ്യ തേജസ്സേ...
പുനരൈക്യത്തിൻ പുണ്യ പിതാവേ...
അഗതികളുടെ ആശ്രയമായ പിതാവേ...
രോഗികളുടെ സങ്കേതമായ പിതാവേ...
പട്ടത്ത് കുടികൊള്ളും പുണ്യ താതാ...

ഞങ്ങൾക്കു
വേണ്ടി
അപേക്ഷി
ക്കേണമേ


www.malankaralibrary.com





Dhyovil maruvum
Pavananam thatha
Sarvesha nadha
Akhilaandathin srushtave
sarvam, paripalipavane
Thrithvajanakathanam nadha .
Prarthanakettu-ekidename
Adiyarkaayi yachana-epozhum.
Dhyovil maruvum
Eesho mishihaye
Sahedenmar nadha
Punyathmaakal nayakane
Kanyaputra karthave
nin snehitharam shudharthan
Prarthanakettu-ekidename
Adiyarkaayi yachana epozhum .
Dhyovil maruvum
pavana ruhaye
Theenaavin roope
Shleeharil avasam cheytha
Parishuda-athmavam deva
Nin  snehidharam sahaderthan,
Prarthanakettu-ekidename
Adiyarkaayi yachana epozhum.
Nirmala matha
Kanyaka mariyame
Parishudhe mukhde
Mada-praave mariyame
Randam amabarame thaye
Vaalsalyathin mathave
Njanathin theekave rajni
Anugrahamaayi theeraname-ee-yatra.
Ka-nyakamathin
Vallabhanam youseph
Nirmalanam thatha
Pavana shobhana punyapitha
Shruthakulajatha valsalane
Munivara maniye kanmaniye
Punyapithavam  yousephe
Anugrahamaayi theeranam-ee-yatra.
Gee-varghese sahadha
Njangal than thatha
Karthavinu vendi
jeevan vittorru parishudha
Asharanarude pariposhakane
Karunyathin neelayaname
Aashvaaruda nirmalane
Anugrahamaayi theeranam-ee-yatra.

Bharathamannil
Punarayikyathinte
punya pathakayumaayi,
Nuthana israyelinte
Theerthadakarude vyuhathe,
Thirusabha mathavin madiyil
cherthaorru Mar Ivanios
Anugrahamaayi theeranam-ee-yatra.

Kunan kurishil
Nammude thathanmar
varshangal  mumbil
Bendhichoralathallam
Kathicha than deepashikha
Punarayikyathin deepashikha
Annayathenum shobhikum
Anugrahamaayi theeranam-ee-yatra.

Shashvatha shanthi
nirmala-gehathil
vaagdanam cheyum
Shashvadha mohana punarayikyum
Bharatasutharude ayikyathaal
Niraveridan aayiramaayi
Aayiramaayi pathinayiramaayi
Punarayikyam neenal vazhate.

2

Bethany than kokillame bethaniyal
vijayam varichavane



www.malankaralibrary.com



Karathaaril karzhchayumaayi anayunnu
Nin makal bhaktiyode
Thavasa shreshtanaam
Mar Ivanios
Bharathapunyadeepam(2)
Punarayikyapathe
nirbhayam pinnu-itta
Karunyavaarithe
nin divya suk-thathal
punarayikya sandesham
pakaraname lokam enkum(2)
Bharatha mannil ninnum
kathanathin
Karinizhal mattiduvan
Punarayikya deepavumaayi
aayikyathin
Sandesha vahakan aayi
Suryamar makhudamaam
Mar Ivanios
Paarithin thejapunjyam(2)
Thyagathin vediyil
Thanbaliyarpicha
snehathin vaaridhe
Nin divya savidathil
Annayunna njangalku
nalganame nithyashanti(2)

3

Alayum nararude ashrayame
Bharathasabhayude Therali
Janakodikalude Vazhikatti
Punarayikyathin nethave
R - perunadinte virimaril
Mundan malayude nikadathil
Bethany naamam
divya-Manojnanam
Paduthuyurthiya thirumeni
Catholika sthapnamivide
Karasthamakiya nethave
Chethoharmam nervazhikandorru
Karuthannakiya nethave
Kaaviniranjaooru kupayam
Karutha thaadiyal kurishenthi
Bharatha samskrutha samskarathin
thapsa jeevithamaar-arivum
Chinthyil-alayum kaalathil
Anchalannu nin chittu
Gathasamanil, nathanuthulyam
Bethanyil, niniha vidavangi
Tholayirammodu mupathumay
September dinam-irrupathilay
Punarayikyathin vaathil thuraniha
Bharatha sabhayum unnarnallo
Malamedidavazhi azhikalum
nalamoddu nanadiku-kalum
Lalithamonohara nisthulasneham
Nukharna edatha orru nethave
Lokathinte vilkaayi
Nakathinte vazhitharam
Shokamakattum punarayikyathin
dipthi Pakarthiya, thirumeni
Eekathayaarumaraneedum
Ee katha ezuthan eedamilla
Salkatha cherthu virajithamayorru
Punarayikyathin diphasheeka
Prashasthamayorru
vikshanamathilaay
Pragathanayorru pingaami
Sabhyaku nalla varam arrrulan
shakthenne
Orrukiyethre mahaalbuthame
Adi vachadi vachu-aniyaniyaay
Amarum kabarin charthay
Charamadinam, chirakaalam,
thalamura
parichodu karmathu Kuppidum
July pathananch aakumbol
Virhadikya smarnayumaay
Thalamura thalamura
janathathiyo-naay
Charamadinam kondadunnu


www.malankaralibrary.com

Maha alhubuthathin vancharitham
Bharatha sabhayude paripalakanam
Punarayikyathin nethave
Padhatharidarathadiyangal
Padhamalar kuppivanangiduvan
Gathiyekename yadiyarkabhayam
Varamekename mishihaye.
Bharathanyuman nethave
Pavana charitha padhamalaril
Padi vanangi orrungi varuniha
Shokam akattuka jedave

4.

Poyi vannagam Ivanios
Vandya pithavin kabarinkal
Pranamikkunnorkkardhippu
Yajana Sadhayam Kelkaname
Sadharamange Kabaringal
kaikal koopi vanangunnu
yachana sadhayam kelkename
vardhanangal thookaname
Bharatha sabhathan tharakame
Punarayikyathin kathirolliye
thavaga sutharam njangal than
Prarthana sadhayam kelkename
Noottandu aparam aarambicha
Vazhi-thettil nin-urnnidan
Nervazhi kattiya nala-idayan
Bharathanuman Ivanios
Sathya-aneshaka darshikenaam
Ivanios punyapitha
thapasa Dhanan-ayithidam
Mudan malliyil perunattil
Kristhanukarana vyakrathayal
Bethany samuham sthapichu
Prarthana vradhamaayi
theerthubhavaan
Sathya vellicham kaikondu
Pathrosin pinkamikallayi
Thirusabha naoga nayikunor
Marpapa maridamuriyathe
Irrupathu nottandu athijeevichu
Slaikikam ekkum sarvathrikam
Vishudhamen avakashipan
Dharanayil one ollathu noonam
Catholica thirusabhayennum
Shashvatha shanthiku urravidamam
Thirusabha madhavin madiyil
Abhayam thediya punya pitha-
vaiykya shilpi- Ivanios

Dhanamanangal nishprabhamay
Valicharinjaya adivariyan
Daivahitham athu
dhanyamaayi karuthi
Thirusabha pulkiya anugraham ettu.
Dheeram ange nethruthvathil
Malankara sabha ulkokshithamaayi
Jana-lakshangal pin-anni cherunnu
aikya patha annanju sudheeram
Punarayikyathin deepashikha
Thalamura thalamura kaimaaran
Kedavilaku-aayi thellikyan
Shakthi ivarku-ekaname.
Vishwasthil urrachidaan
Sneham nalki vallarneedan
Karmolsukarayi theerum njangal
malankara than priya sudheeravar
Sabhyaikathil vedhi-idha
Punarayikyathin vidhi-idha,
Kinnadha vittu Kadanu-verin
Pinnadha okye maranneedan
Sadharam ange kabaringal
Kaikal koopi vanangunnu
Yachana sadhyam kelkename
Varadhanangal thookename

5.
Bharatha-numan Ivanios


www.malankaralibrary.com

Karathaaril karzhchayumaayi anayunnu
Nin makal bhaktiyode
Thavasa shreshtanaam
Mar Ivanios
Bharathapunyadeepam(2)
Punarayikyapathe
nirbhayam pinnu-itta
Karunyavaarithe
nin divya suk-thathal
punarayikya sandesham
pakaraname lokam enkum(2)
Bharatha mannil ninnum
kathanathin
Karinizhal mattiduvan
Punarayikya deepavumaayi
aayikyathin
Sandesha vahakan aayi
Suryamar makhudamaam
Mar Ivanios
Paarithin thejapunjyam(2)
Thyagathin vediyil
Thanbaliyarpicha
snehathin vaaridhe
Nin divya savidathil
Annayunna njangalku
nalganame nithyashanti(2)

3

Alayum nararude ashrayame
Bharathasabhayude Therali
Janakodikalude Vazhikatti
Punarayikyathin nethave
R - perunadinte virimaril
Mundan malayude nikadathil
Bethany naamam
divya-Manojnanam
Paduthuyurthiya thirumeni
Catholika sthapnamivide
Karasthamakiya nethave
Chethoharmam nervazhikandorru
Karuthannakiya nethave
Kaaviniranjaooru kupayam
Karutha thaadiyal kurishenthi
Bharatha samskrutha samskarathin
thapsa jeevithamaar-arivum
Chinthyil-alayum kaalathil
Anchalannu nin chittu
Gathasamanil, nathanuthulyam
Bethanyil, niniha vidavangi
Tholayirammodu mupathumay
September dinam-irrupathilay
Punarayikyathin vaathil thuraniha
Bharatha sabhayum unnarnallo
Malamedidavazhi azhikalum
nalamoddu nanadiku-kalum
Lalithamonohara nisthulasneham
Nukharna edatha orru nethave
Lokathinte vilkaayi
Nakathinte vazhitharam
Shokamakattum punarayikyathin
dipthi Pakarthiya, thirumeni
Eekathayaarumaraneedum
Ee katha ezuthan eedamilla
Salkatha cherthu virajithamayorru
Punarayikyathin diphasheeka
Prashasthamayorru
vikshanamathilaay
Pragathanayorru pingaami
Sabhyaku nalla varam arrrulan
shakthenne
Orrukiyethre mahaalbuthame
Adi vachadi vachu-aniyaniyaay
Amarum kabarin charthay
Charamadinam, chirakaalam,
thalamura
parichodu karmathu Kuppidum
July pathananch aakumbol
Virhadikya smarnayumaay
Thalamura thalamura
janathathiyo-naay
Charamadinam kondadunnu


www.malankaralibrary.com



Bhagyavidhata bhasurane
Punarayikyathin punyapitha
Prarthikename njangalkay
Malankara sabhathan tharakame
Kairali than abhivannithithane
Bharatha bhoovin bhavukane
Prarthikename njangalkay
Marthomayal sthapithamam
Kerala sabha nootandkalayi
Thirusabhayam thazhthadivodaay
Otticherunnu pularnidave
Kunan koorishaal verpetta
Bendham veendum sthapikyan
Sthanamahimakal kaivittu
punarayikyathin jethavaayi
Slaikika bendham pinthudaran
Mathrusabhayodothalle
Sandhyamathaku enn orukaan
Darshana sidhiyath-undayi
Perunattin mundane malliyil
Daivika vellipad-undayi
Sathya-anveshka darshakanayi
Mithyadarshan kaivittu
Bhinadayal verpettu-uralum
malankara makalku asrayamaayi
Theru thelikkan ethi- idham
Abhinava mosha Ivanios
Sabhaikyathin margam itha
Punarayikyathin patha itha
Shashvatha shantik-urrvayi itha
Eka thozhuthin vaathil itha
Idayan-arul naam kelkenam
Eka thozhuthil koodenam
Kalathin adayalam itha
Sathya thirunaal jyothi itha .

6

Malankarayude
Parishudha punyapithave
Malankaramakhal than-
kaaval pithave
Pattathe pallikollum punyavane
anniyunnu njangal
nin thirusavidhe
Nin anugraham-ee daseril
chorineedename
Bharatham akhilam vachnam  nalkan
Sarvavum parithyajicha vanyaguruve
Malankara sabhaye punyamakuvaan
Bethany prasthana sthabichu than
Inneku ku ezhuvathu varsham mumbe
Sathyam kanda pravachakane
Sabhayude thalavan pathrosinte
Kalpadapinjenna punyathatha
Lalithayam jeevitha nanmayaaki
Daridrayam pulkiya thabasane
Nithyaguruvam yesuvinte patha
Pinchenna vanyanaam Shreshta pithave
Mundan mallayodu vidachollumbol
Punarayikyathin deepam kaatti
Vazhi thelicha
vanyenaam shresta thatha
Marthomasleeha than paaramapariyam
Pinthudaraneedunu malankara makkal
Bharathanyuman Ivanios
malankara makkal than
abhayakendram.

7

Kristhuraja daivame
Kristhuraja daivame
Kristhunatha kaithozham
Thrithvame, namosthuthe
Akhilalokapalaka
nikhila-loka rekshaka
Akhamathil vimochaka,
mekhavahana prabho
Anarkhatejadhariye
aadi-antharahithane
Kristhudevapahima thrithvame


www.malankaralibrary.com



namosthuthe (Kristhuraja)
Udayasuryabhimbavum
ushasumanthi mekhavum
Rajnichandratharavum
vihagapushpavrindavum
Ulakithinte shobhayum
vazthidunu ninkripa
Kristhudeva pahimam thrithvame
namosthuthe (Kristhuraja)
Ettunaal shishyaral ithrayere janathaye
Sathyapatha-onnilaay
nithyavum nadthiya
Nithyasathyathvamam
prithvipala- daivame
Kristhudaivapahimam thrithvame
namosthuthe (Kristhuraja)
Aihikathil-ashayal aishamam thejasine
Nashamaki nithyamay aamayathil-
landatham
Manujavrundakodiyil mansallinja
daivame
Kristhudevapahimam thrithvame
namosthuthe (Kristhuraja)

Angamarsharogiye than
krupavarathinal
Angasoukyamekuvan
aandharakanijavan
Karunathante vaaridhe snehithan
manohara
Kristhudevapahimam thrithvame
namosthuthe

Ekanay maruvidum thatha
puthranathmam
Ekasathyadaivame thrithvamaya
daivame
Uyarumun-mapathayum thanthonnu-
mathrame
Kristhudaivapahimam thrithvame
nomosthuthe

# LUTHINIYA



Karthave anugrahikename(2)
Mishihaye anugrahikename(2)
Karthave anugrahikename(2)
Mishihaye njangalude prarthana
kelkaname(2)
Mishihaye njangalude prarthana
kaikollename(2)

Swargastha pithavaya daivame
Loka- rakshithavaya daivame
Parishudathmavaya daivame
Eka daivamaya parishudha
thrithvame
Parishudha mariyame
} Njangale Anugrahi- -kename

Vishudha youseph pithave
Mar Thomasleehaye
Mar Geevarghese sahadaye
} Njangalku vendi Apekshikename

Shashvatha samadhanathinte
kedaramaya punarayikyame
Bethanyude anganathil
nattu valarthiya
Munthirichediyaya
narayikyame

Ekathozhuthu-thenna
Karthya-vachanathinte
Sakshathkaramaya
punarayikyame

Ekathozhutu-thenna
Sathyathinte
Murthi-madhbhavamaya
Punarayikyame
} Samadhanathale varename


www.malankaralibrary.com



# पदयात्रा मंजरी

1) दैविक वासी
पावन हे पिता
नाथ ओ सर्वेशा
सारे जग के निर्माता
परिपालन सब का करने
एक भी और त्रित्व भी हो आप
विनती सुनकर करदें कृपा
भक्तों की प्रार्थना स्वीकारे

2) स्नेह का मानवकार
प्रभु येशु मसीहा
पुन्यात्माओं के
भक्त शहीदों के भी नाथ
कन्या की संतान प्रभु
विनती अपने भक्तो की
सुनकर हम पर दया करे
प्रभुवर आप हम संग सदा रहे

3) तापस योगी
मार इवनियोस
आश्रित प्रभु भक्ता
पहचाना तुमने सच को
सत्य के साधक पुण्य मुनी
बेथनी पर्वत के वाणी
पुनरइक्य के पुन्यपिता
मंगलमय बन जाए यह यात्रा

4) भारत भूपर
पुनरइक्य एवं
स्नेह के ध्वज के संग
नूतन इसरायल जान को
तीरत यात्री गण इनको
शुद्ध कालीसिया के गोद
मे लाए मार इवनियोस
मंगलमय बन जाए यह यात्रा

5) शाश्वत शांति
निर्मल स्वर्गीय वास
होगा प्राप्त हमे
स्थिर और मोहन पुनरइक्य
भारत जान के एकता से
भक्त अनेकों के श्रम से
होगा सपना ये साकार
बन जाए अनुग्रह यह यात्रा

6) प्रभु येशु के दास
एकता की आवाज़
प्रभु के स्नेह का दीप
लाए हमको सत्य समीप
अपनी भक्ती और श्रम से
दुनिया को नव दर्शन दें
स्वामी मार इवनियोस
मंगलमय बन जाए यह यात्रा

---

Ch : क्रिस्तुराजा हे प्रभु
क्रिस्तुराजा हे प्रभु
क्रिस्तुनाथ को प्रणाम
त्रित्व को नमो स्तुते

जग समस्त पालका
जाग समस्त रक्षका
अंतरंग मोचका
मेघ वाहना प्रभु (Chorus)

जग के सारे तारे भी
उँचे नभ मे मेघ भी
रात को भी चंद्रमा
गाते है प्रभु स्तुति (Chorus)

पूर्वजो के मार्ग मे
धीर भक्तो के समान
सत्य और शांति के
पथ पे हम चले प्रभु (Chorus)

चल रहे है राह पे
स्नेह और धर्के
एकता की है पहल
एक ही प्रभु मे हम (Chorus)

एकता के दूत तुम
सच्चे भक्त ईश के
शिष्य मार इवनियोस
है प्रणाम आपको (Chorus)

हो महिमा ईश की
करुणा मय पिता की भी
पावन आत्मा को भी
त्रित्व को सदा स्तुति (Chorus)


www.malankaralibrary.com



# देवदास मार इवानियोस पिता श्री को संत पदवी के प्राप्ती के लिये प्रार्थना

पिता पुत्र और पवित्रात्मा त्रिएक भगवन आपको
हम आराधना, महत्व और स्तोत्र आर्पित करते हैं
पिता परमेश्वर अपने अन्नत करुणा द्वारा समय के
पूर्णता में मलंकरा सूरीयानी काथलीक कलीसिया को
रूपीत किया, उसका पालन पोषण और मार्ग दर्शन
करने के लिए अपने पूण्य पिता मार इवानीयोस
धर्मध्यक्ष जी को नियुक्त किया। पावन स्वरूप और
पूण्यशील इन पिता श्री के द्वारा शान्ति और समाधान
और स्तय प्रकाश का अनुभव कर मलंकरा सूरीयानी
कैथोलिक कलीसिया आज आगे बढ़ता जा रहा है।
इन पूण्य पिता की विशुद्धता का सुगंध स्नेह की
ममता सभी जनताओं का आदृश बने। सार्वितत्रिक
कलीसिया को सामान्य तौर पर और मलंकरा
कैथोलिक कलीसिया को प्रत्येक तौर पर एक और
संत की मध्यस्थता प्राप्त होने हेतू आपके दास
मार इवानियोस पिता श्री को संत की पदवी
पर उठाकर आर्शीवाद दे, यह हम विनयपूर्वक
प्रार्थना करते हैं। आमेन!

# देवदास मार इवानियोस पिता श्री से मध्यस्थता प्रार्थना

सर्वशक्तिमान ईश्वर, एक गडरिया और एक
भेडशाला बनने का न्योता आपके पुत्र ने हमें दिया।
यह निमंत्रण स्वीकार कर आपके कलिसिया के स्नेही,
देवदास मार इवानियोस पिता श्री को याद कर हम
आपकी स्तुती करते हैं, सर्वोपरी आपको स्नेह और
आर्जित करने में आपके यह श्रेष्ठाचार्य हमारे लिए
आदर्श है। आपके इस दास की तरह हृदयविशुद्धता में
जिने के लिए मुझ पर करुणा करे। हर पल आपके



www.malankaralibrary.com



**संसर्ग में बसे इन आदरणीय पिता श्री को आपके समूख**
**प्राप्त मध्यस्ता द्वारा मेरे परिक्षाओं में पिढ़ाओं में,**
**और विपतीयों में आप मेरा सहारा बने। विशेषितः**
**मुझे आवश्यक इस अनुग्रह को**
**( निशब्द, अपने विनती को याद करे, )**
**मार इवानियोस पिता श्री के मध्यस्थता द्वारा**
**आपके समक्ष अर्पित करता हूं, प्रभू आपके स्नेह में**
**और आपसी भाईचारे में बढ़ने के लिए में निरंतर**
**परिश्रम करने की प्रतीज्ञा करता हूं। यह देव माता**
**संत कुँवारी मारियम, हमारे रक्षक पिता मार तोमा श्लीहा**
**और सभी संतों के प्रार्थना द्वारा, आमेन,**

हे प्रभु हम पर दया कर (2)
हे मसीह हम पर दया कर (2)
हे प्रभु हम पर दया कर (2)
हे मसीह प्रार्थना सुन (2)
हे मसीह प्रार्थना स्वीकार कर (2)

हे स्वर्गस्थ पिता ईश्वर
लोकरक्षक ईश्वर
पवित्रात्मा ईश्वर
एक ईश्वर पवित्र त्रित्व
} हमें आशीर्वाद दे

पवित्र मरियम
संत यूसफ पिता
मार तोमा श्लीहा
मार गीवरगीस सहदा
} हमारे लिए प्रार्थना कर

हे पुनरमिलन जो शश्वत समाधाान का केदार है।
हे पुनरमिलने जो बैथनी के आंगन में बौया हुआ दाखलता है,
हे पुनरमिलन जो एक भेडशाला प्रभू वचन का
साक्षात्कार है
हे पुनरमिलन जो एक भेडशाला नामक सत्य का
मूर्ती भाव है।
} शन्ति से आऐ

हे पुनरमिलन जो पवित्र कलीसिया के समुदाय में हमारा नेतृत्व करता है,


www.malankaralibrary.com



हे पुनरमिलन जो प्रसादवर का स्त्रोत है।
हे पुनरमिलन जो करोड़ों को एक करने का संपर्क है।
हे पुनरमिलन जो एकता और स्नेह का संदेश वाहक है।
हे पुनरमिलन जो भारत में सुसमाचार के प्रचार की आशा है।
हे पुनरमिलन जो मलंकरा की मोहित आशा है।
हे पुनरमिलन जो हजारों के आश्वास का स्त्रोत है।
हे पुनरमिलन जो जुदाई की रीड़ को तोड़ता है।
हे पुनरमिलन जो पूर्वजों की अभिलाषा है।
हे पुनरमिलन जो क्रिस्तीय समूह की आशा केन्द्र है।
हे पुनरमिलन जो पवित्र कलीसिया के दूल्हे प्रभु को
आन्नदित करता है।
हे पुनरमिलन जो स्वर्गीय दूतोओं को हरषित करता हैं।
हे पुनरमिलन जो दिवंगत पूर्वजों के आत्मा को शान्ति देता है।

## देवदास मार इवानियोस धर्माध्यक्ष से माला विनती

मलंकरा कलीसिया के पूण्य पिता श्री
सत्य कलीसिया को स्वीकार करने वाले पूण्य
पिता श्री
मलंकरा के अस्त न होने वाले सूर्य
एकता के सन्देश वाहक

} हमारेलिए विनती करें

सत्य कलीसिया के लिए कुर्बान हमारे पुण्य पिता
मलंकरा के कृपाण
सत्य ज्ञान को चाहने वाले दिव्य तेजस
पुनरमिलन के पुण्य पिता
पुनरमिलन के पुण्य पिता
निराश्रीतों का आश्रय बने पूण्य पिता श्री
रोगीयों का सहारा बने पिता श्री
पट्टम में बसने वाले पूण्य पिता श्री
हमारे लिए विनती करें।

} हमारे लिए विनती करें।


www.malankaralibrary.com




## ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനായുള്ള പ്രാർത്ഥന


പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവമേ, അങ്ങേക്ക് ആരാധനയും മഹത്വവും സ്തോത്രവും ഞങ്ങൾ അർപ്പിക്കുന്നു.

പിതാവായ ദൈവമേ, അവിടുത്തെ അനന്തകരുണയാൽ കാലത്തിന്റെ തികവിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അങ്ങ് രൂപം നൽകി. അതിനെ കരുപിടിപ്പിക്കുന്നതിനും, വളർത്തി നയിക്കുന്നതിനുമായി വന്ദ്യതാതനായ മാർ ഈവാനിയോസ് പിതാവിനെഅവിടുന്ന് നിയോഗിച്ചു. പാവനചരിതനും പുണ്യശ്ലോകനുമായ ഈ പിതാവിലൂടെ ശാന്തിയും സമാധാനവും, സത്യത്തിന്റെ പ്രകാശവും അനുഭവിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭ ഇന്ന് വളർന്നു വലുതായിക്കൊ[redacted]ിരിക്കുന്നുവല്ലോ. ആ പുണ്യതാതന്റെ, വിശുദ്ധിയുടെ പരിമളവും, സ്നേഹത്തിന്റെ ഊഷ്മളതയും എല്ലാ ജനപദങ്ങൾക്കും മാതൃകയാകുന്നതിനും, ആഗോളസഭയ്ക്ക് പൊതുവായും, മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് പ്രത്യേകമായും ഒരു വിശുദ്ധന്റെ മാദ്ധ്യസ്ഥം കൂടി ലഭിക്കുന്നതിനുമായി ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്കുയർത്തി അനുഗ്രഹിക്കണമെ എന്ന് ഞങ്ങൾ താഴ്മയോടെ പ്രാർത്ഥിക്കുന്നു.

ആമ്മീൻ



www.malankaralibrary.com




**Reception in Religious Congregation in Kerala**
**Mar Ivanios and Mar Theophilos with Mar Alexander Chulaparambil**





**Archbishop Mar Ivanios with Bishops, Priests and Deacons at the Vatican Palace immediately after receiving the Sacred Palium from His Holiness Pope Pius XI**





**Mar Ivanios and Cheppad Philipose Remban**
**with the Reunited Priests and the Priests who worked in the Malankara (1940s)**

www.malankaralibrary.com

Compiled & Edited by: Mobin Varghese Chacko ( CMV)



*With best compliments from*

# Jose George & Family

Vikhroli

For Private Circulation Only

**Malankara Catholic Youth Movement**

Exarchate of St. Ephrem, Khadki- Pune

www.malankaralibrary.com